"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ് - കെട്ടിട നിർമ്മാണ തൊഴിലാളി ക്ഷേമനിധി സെസ് - തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് കളക്ഷൻ ചാർജ്ജ് ഈടാക്കാവുന്നതാണ് എന്നത് ഇൻഫർമേഷൻ കേരള മിഷന് കളക്ഷൻ ചാർജ്ജ് ഈടാക്കാവുന്നതാണ് എന്ന് ഭേദഗതി ചെയ്ത് - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയംഭരണ (ആർ.സി) വകുപ്പ്**

സ.ഉ.(സാധാ) നം.1652/2025/LSGD തീയതി,തിരുവനന്തപുരം, 03-07-2025

---

പരാമർശം:-
1. 14.02.2024 ലെ സ.ഉ.(കൈ) നം.23/2024/LSGD നമ്പർ സർക്കാർ ഉത്തരവ്
2. ഇൻഫർമേഷൻ കേരള മിഷൻ എക്സിക്യൂട്ടീവ് ഡയറക്ടറുടെ 11.02.2025 ലെ 693-E6-2024-IKM നമ്പർ കത്ത്
3. തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടറുടെ 22.05.2025 ലെ LSGD/PD/15182/2025-REV2 നമ്പർ കത്ത്

**ഉത്തരവ്**

കെട്ടിട നിർമ്മാണ തൊഴിലാളി ക്ഷേമനിധി സെസ് തദ്ദേശസ്വയം ഭരണ സ്ഥാപനങ്ങൾ കെ-സ്മാർട്ടിലെ മൊഡ്യൂൾ വഴി പിരിച്ചെടുക്കുന്നതിനു അനുമതി നൽകി പരാമർശം 1 പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. പിരിച്ചെടുക്കുന്ന തുകയുടെ 1 % കളക്ഷൻ ചാർജ്ജ് ആയി തദ്ദേശ സ്വയംഭരണ സ്ഥാപങ്ങൾക്ക് ഈടക്കാവുന്നതാണെന്നും ഉത്തരവായിരുന്നു.

എന്നാൽ നിലവിൽ കെ-സ്മാർട്ട് വഴി സെസ്സ് ഈടാക്കുന്നതിൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് ധനകാര്യ ക്രയവിക്രയങ്ങൾ ഇല്ലെന്നും മുഴുവൻ പ്രക്രിയയും ഇൻഫർമേഷൻ കേരള മിഷൻ വികസിപ്പിച്ച കെ-സ്മാർട്ട് സെസ്സ് മൊഡ്യൂൾ വഴിയാണ് നടത്തുന്നതെന്നും, കെ-സ്മാർട്ട് സെസ് മൊഡ്യൂളിന്റെ മെസ്സേജിങ് സേവനങ്ങൾ, ഫയൽ സേവനങ്ങൾ, സെർവർ, തുടർ പരിശീലന ചുമതലകൾ, ട്രെയിനിംഗ് മുതലായ ഓപ്പറേഷൻ & മെയിന്റനൻസ് ചെലവുകൾ ഇൻഫർമേഷൻ കേരള മിഷന് അധിക ബാധ്യതയായി വരുന്നുണ്ടെന്നും ആയതിനാൽ തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾക്ക് പകരം, ധനകാര്യ ക്രയവിക്രയം ചെയ്യുന്ന ഇൻഫർമേഷൻ കേരള മിഷന് കളക്ഷൻ ചാർജ്ജ് ഈടാക്കാൻ അനുമതി നൽകുന്നതിനായി ഉത്തരവിൽ ഭേദഗതി വരുത്തണമെന്ന് പരാമർശം 2 പ്രകാരം ഇൻഫർമേഷൻ കേരള മിഷൻ എക്സിക്യൂട്ടീവ് ഡയറക്ടർ അഭ്യർത്ഥിച്ചിരുന്നു.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ഇൻഫർമേഷൻ കേരള മിഷൻ എക്സിക്യൂട്ടീവ് ഡയറക്ടറുടെ അപേക്ഷ പരിഗണിച്ച്, ധനകാര്യ ക്രയവിക്രയം ചെയ്യുന്നത് ഇൻഫർമേഷൻ കേരള മിഷൻ ആയതിനാൽ , 14.02.2024 ലെ സ.ഉ.(കൈ)നം 23/2024/LSGD നമ്പർ ഉത്തരവിലെ മൂന്നാം ഖണ്ഡിക താഴെ പറയും പ്രകാരം ഭേദഗതി ചെയ്തു

Signed by
Pradeesh M.
Date: 04-07-2025 10:47:31

ഉത്തരവ് പുറപ്പെടുവിക്കുന്നു

''1996 ലെ ബിൽഡിംഗ് & അദർ കൺസ്ട്രക്ഷൻ വർക്കേഴ്സ് വെൽഫെയർ സെസ്സ് ആക്ട് പ്രകാരം സെസ്സ് ഇനത്തിൽ പിരിച്ചെടുക്കുന്ന തുകയുടെ 1% കളക്ഷൻ ചാർജായി ഇൻഫർമേഷൻ കേരള മിഷൻ ഈടാക്കുന്നതാണ്. ഇൻഫർമേഷൻ കേരള മിഷൻ ഇതിനാവശ്യമായ ക്രമീകരണങ്ങൾ ഏർപ്പെടുത്തേണ്ടതാണ് ''.

പരാമർശം 1 ഉത്തരവ് മേൽ ഭേദഗതിയോടെ നിലനിൽക്കുന്നതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ASHA A K
ജോയിന്റ് സെക്രട്ടറി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

പകർപ്പ്

1. പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ്, തിരുവനന്തപുരം
2.എല്ലാ തദ്ദേശ സ്വയംഭരണ സ്ഥാപന മേധാവികൾക്കും (പ്രിൻസിപ്പൽ ഡയറക്ടർ മുഖേന)
3. എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരളാ മിഷൻ, തിരുവനന്തപുരം
4. ചീഫ് ടൗൺ പ്ലാനർ, തിരുവനന്തപുരം.
5. പ്രിൻസിപ്പൽ അക്കൗണ്ടൻ്റ് ജനറൽ (ഓഡിറ്റ് 1/ഓഡിറ്റ്II), കേരള, തിരുവനന്തപുരം.
6. ഡയറക്ടർ, ഇൻഫർമേഷൻ കേരളാ മിഷൻ, തിരുവനന്തപുരം.
7. തൊഴിലും നൈപുണ്യവും വകുപ്പ്.
8. തദ്ദേശ സ്വയംഭരണ (ആർ.എ)/(ആർ.ബി)/(ആർ.ഡി)/(ഇ.ജി) വകുപ്പ്.
9. ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം.
10. എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരളാ മിഷൻ, തിരുവനന്തപുരം.
11. ഐ & പി.ആർ.ഡി (വെബ് & ന്യൂ മീഡിയ)
12. കരുതൽ ഫയൽ/ഓഫീസ് കോപ്പി (തസ്വഭവ-ആർ സി 2/10/2022-തസ്വഭവ)